## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 7205 16.07.2012- ൽ മറുപടിക്ക്**

## കാലവർഷക്കെടുതി അനുഭവിക്കുന്നവർക്കുള്ള സഹായങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | | ശ്രീ. അടൂർ പ്രകാശ് (ബഹു. റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) | കാലവർഷക്കെടുതിമൂലം ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നവർക്ക് എന്തെല്ലാം സഹായമാണ് അനുവദിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (എ) | 13-ാം ധനകാര്യ കമ്മീഷന്റെ ശുപാർശ പ്രകാരം 75% കേന്ദ്ര സഹായവും 25% സംസ്ഥാന വിഹിതവും ചേർത്ത് രൂപീകരിച്ചിട്ടുള്ള സംസ്ഥാന ദുരന്ത നിവാരണ നിധിയിൽ നിന്നും, ഇതു സംബന്ധിച്ച് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങൾ അനുസരിച്ചാണ് വെള്ളപ്പൊക്കത്തിൽ ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നത്. 16.01.2012 തീയതി മുതൽ കേന്ദ്ര സർക്കാർ പുതുക്കി നിശ്ചയിച്ച നിരക്കിന്റെ പകർപ്പ് അനുബന്ധം-I ആയി ചേർത്തിരിക്കുന്നു. എന്നാൽ കേന്ദ്ര സർക്കാർ നിശ്ചയിച്ച മാനദണ്ഡങ്ങൾ പ്രകാരം കാലവർഷത്തിൽ തകരുന്ന വീടുകൾക്കുള്ള നഷ്ടപരിഹാര തുക തുലോം കുറവായതിനാൽ (പൂർണ്ണമായും തകർന്ന വീടുകൾക്ക് 35,000/- രൂപയും ഭാഗികമായി തകർന്ന വീടുകൾക്ക് 6,300/- രൂപയും) സംസ്ഥാന സർക്കാർ ഈ തുക യഥാക്രമം ഒരു ലക്ഷവും, 35,000/-ഉം ആയി ഉയർത്തി നിശ്ചയിച്ചിട്ടുണ്ട്. ഇതിനാവശ്യമായ അധിക തുക സംസ്ഥാന ഖജനാവിൽ നിന്നാണ് ലഭ്യമാകുന്നത്. ഇതോടൊപ്പം സംസ്ഥാനത്തിലെ പ്രത്യേക കാർഷിക വിളകൾക്ക് കാലവർഷത്തിലും വെള്ളപ്പൊക്കത്തിലും ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്കുള്ള നഷ്ടപരിഹാരതോത് സംസ്ഥാന സർക്കാരാണ് നിശ്ചയിച്ചു വരുന്നത്. 01.04.2012 മുതൽ പരിഷ്കരിച്ച തോത് അനുബന്ധം II ആയി ചേർത്തിരിക്കുന്നു. |
| (ബി) | കടലാക്രമണത്തിൽ വീടുകൾ തകർന്നവർക്ക് എന്തെല്ലാം സഹായമാണ് നല്കുന്നതെന്ന് വിശദമാക്കാമോ ; | (ബി) | കടലാക്രമണത്തിൽ വീട് തകർന്നവർക്ക് ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നാണ് ധനസഹായം അനുവദിച്ചു വരുന്നത്. പ്രസ്തുത ധനസഹായത്തിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>1. പൂർണ്ണമായി തകർന്ന പക്കാ വീടുകളുടെ കേടുപാടുകൾ തീർക്കുന്നതിന് പരമാവധി 25,000/- രൂപ, കച്ചാ വീടുകൾക്ക് 10,000/- രൂപ<br>2. ഭാഗികമായി തകർന്ന പക്കാ വീടുകൾക്ക് |

| | | | |
|---|---|---|---|
| | | | 5,000/- രൂപ, കച്ചാ വീടുകൾക്ക് 2,500/- രൂപ<br><br>3. 15% വരെ കേടുപാടുകൾ സംഭവിച്ച പക്കാ വീടുകൾക്ക് 2,500/- രൂപ, കച്ചാ വീടുകൾക്ക് 1500/- രൂപ<br><br>4. പൂർണ്ണമായി തകർന്ന കുടിലുകൾക്ക് 2,000/- രൂപ |
| (സി) | ഇത്തരം സന്ദർഭങ്ങളിൽ നല്കുന്ന അടിയന്തിരസഹായങ്ങൾ എന്തെല്ലാം ആണെന്ന് അറിയിക്കാമോ ? | (സി) | ഇത്തരം സന്ദർഭങ്ങളിൽ ദുരിതബാധിതരെ സുരക്ഷിത സ്ഥലങ്ങളിലേക്ക് മാറ്റിപ്പാർപ്പിക്കുകയും ഭക്ഷണം, വസ്ത്രം, മരുന്നുകൾ തുടങ്ങിയവ സൗജന്യമായി നൽകുകയും ചെയ്യാറുണ്ട്. കൂടാതെ അടിയന്തിര സഹായം ലഭ്യമാക്കേണ്ട കേസ്സുകളിൽ ധനസഹായവും അനുവദിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**